പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 94

04.12.2014 ൽ മറുപടിക്ക്

**പാചകവാതക ഉപഭോക്താക്കളെ സബ്സിഡി പരിധിയിൽ നിലനിർത്തുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ കെ.വി. വിജയദാസ്:<br>,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ):<br>,, സി. രവീന്ദ്രനാഥ്:<br>,, എ.എം ആരിഫ്: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) പാചകവാതക സബ്സിഡി ലഭിക്കുന്നതു ബാങ്ക് അക്കൗണ്ട് മുഖേനയാക്കി കേന്ദ്രസർക്കാർ ഉത്തരവിറക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) സബ്സിഡി സിലിണ്ടർ ലഭിക്കുന്ന മുഴുവൻ ഉപഭോക്താക്കളും ആധാർ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടോ; എത്ര ശതമാനം ഉപഭോക്താക്കൾക്കാണ് ആധാർ ഉള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) ഇല്ല; കേരളത്തിൽ ഏകദേശം 57.39 ലക്ഷം ഉപഭോക്താക്കൾ (മൊത്തം ഉപഭോക്താക്കളുടെ 76.20%) ആധാർ എൽ.പി.ജി. വിതരണ ഏജൻസികളുമായി ബന്ധപ്പെടുത്തിയിട്ടുണ്ട്. |
| (സി) പുതിയ ഉത്തരവിന്റെ വെളിച്ചത്തിൽ ആധാർ രജിസ്ട്രേഷനോ ബാങ്ക് അക്കൗണ്ടോ ഇല്ലാത്ത ഉപഭോക്താക്കൾ സബ്സിഡി ലഭിക്കാതിരിക്കുന്ന സാഹചര്യമുണ്ടാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ഡി) മേൽ സാഹചര്യത്തിൽ ആധാറും ബാങ്ക് അക്കൗണ്ടും ഇല്ലാത്ത ഇപ്പോൾ സബ്സിഡി ലഭിച്ചുകൊണ്ടിരിക്കുന്ന സാധാരണക്കാരായ ഉപഭോക്താക്കളെ സബ്സിഡി പരിധിയിൽ നിലനിർത്തുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിന് സർക്കാർ തയ്യാറാകുമോ ? | (സി) & (ഡി) ആധാർ രജിസ്ട്രേഷനോ ബാങ്ക് അക്കൗണ്ടോ ഇല്ലാത്തതും ഡയറക്ട് ബെനഫിറ്റ് ട്രാൻസ്ഫർ സ്കീമിൽ ഇതുവരെയും അംഗമാകാത്തതുമായ ഉപഭോക്താക്കൾക്ക് 3 മാസത്തെ അധികസമയം നല്കിയിട്ടുണ്ട്. ഈ കാലയളവിൽ ഇവർക്ക് സബ്സിഡി സിലിണ്ടർ ലഭ്യമാകുന്നതാണ്. ഈ അധികസമയത്തിനുള്ളിൽ പദ്ധതിയിൽ ചേരാത്ത ഉപഭോക്താക്കൾക്ക് മൂന്നുമാസം കൂടി പാർക്കിംഗ് കാലയളവ് നല്കിയിട്ടുണ്ട്. ഈ കാലയളവിൽ വിപണി നിരക്കിൽ സിലിണ്ടർ ലഭ്യമാകുന്നതും, പ്രസ്തുത 3 മാസക്കാലയളവിനുള്ളിൽ ഉപഭോക്താക്കൾ പദ്ധതിയുടെ ഭാഗമാകുന്ന മുറയ്ക്ക് യോഗ്യതയ്ക്കനുസരിച്ച് സബ്സിഡി ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നതുമാണ്. കേന്ദ്രസർക്കാറിൽ ആവശ്യമായ സമ്മർദ്ദം സംസ്ഥാനം ചെലുത്തും. |

സെക്ഷൻ ഓഫീസർ